**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2823** **22-01-2021 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ.വി.അബ്ദുൾ ഖാദർ | | Shri. K. Krishnankutty (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ സർക്കാരിന്റെ സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പൊതുവിൽ പാലിക്കുന്നുണ്ട്. എന്നാൽ അവശ്യ സർവ്വീസായ ഈ സ്ഥാപനം ജലജീവൻ മിഷൻ പോലുള്ള പ്രാധാന്യമുള്ള കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി പ്രഗൽഭരായ ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടി വരുമ്പോൾ ചുരുങ്ങിയ അവസരങ്ങളിൽ പ്രസ്തുത മാനദണ്ഡം പാലിക്കാൻ കഴിയാതെ വരുന്നു. |
| (ബി) | സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്നതിന് ഒഴിവുകൾ മുൻകൂട്ടി പ്രഖ്യാപിക്കുന്നതിനും മെറിറ്റ് അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകുവാനുള്ള സുതാര്യമായ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള സ്ഥലംമാറ്റങ്ങൾ ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകുമോ; | (ബി) | നിലവിൽ EPM സോഫ്റ്റ് വെയർ ഉപയോഗിച്ച് പൊതു സ്ഥലം മാറ്റം സുതാര്യമായി നടത്തി വരുന്നു. 2021-22 കാലയളവിൽ ഇതിനായി GSPARK ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എല്ലാ വർഷവും മെയ് മാസത്തിന് മുമ്പ് പൊതുസ്ഥലംമാറ്റ ഉത്തരവ് ഉണ്ടാകണമെന്ന് നിർദ്ദേശം നൽകുമോ? | (സി) | മെയ് മാസത്തിന് മുൻപ് സ്ഥലം മാറ്റ ഉത്തരവുകൾ ഉണ്ടാകണമെന്ന് നിലവിൽ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ